നം.ഇ.എച്ച്1-46690/16/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 06.05.2017

## സർക്കുലർ

വിഷയം: - ആ.വ.ഡ - പൊതുസ്ഥലംമാറ്റം 2017 - ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപനമേധാവികൾക്കും ഉള്ള ഭേദഗതി വരുത്തിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്:-

സൂചന:- 1. സർക്കാർ ഉത്തരവ് (സാധാ) നം. 969/2017/ആ.കു.വ തിരുവനന്തപുരം, തീയതി 03/04/2017

2. ഈ ഓഫീസിലെ സർക്കുലർ നം.ഇ.എച്ച്1 - 46690/16/ആ.വ.ഡ തീയതി 20/04/2017, 02/05/2017

******

ആരോഗ്യവകുപ്പിലെ 2017 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപക മേധാവികൾക്കും ഉള്ള *മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകിയിരുന്നു. ആയതിൽ താഴെ* പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നതായി അറിയിച്ചുകൊള്ളുന്നു.

1. ഓൺലൈൻ വഴി ജീവനക്കാർക്ക് 10/05/2017 ന് വൈകിട്ട് 5 മണിവരെ അപേക്ഷിക്കാവുന്നതാണ്.

2. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് ശരിയാണ് എന്ന് ഉറപ്പു വരുത്തി ജില്ലാ മെഡിക്കൽ ആഫീസർക്ക് 15/05/2017 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മേലധികാരിക്ക് *ലഭിക്കുന്ന അന്തർ ജില്ലാ സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ* പരിശോധിച്ച് ആരോഗ്യ വുകപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 19/05/2017 വൈകുന്നേരം 5 മണി ആണ്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അന്തർജില്ലാ സ്ഥലംമാറ്റങ്ങളുടെ കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി 24/05/2017. അപ്പീൽ സമർപ്പിക്കേണ്ട അവസാന തീയതി 27/05/2017. അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് 30/05/2017 ന് പ്രസിദ്ധീകരിക്കുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങളുടെ കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 02/06/2017 ഉം അതിന്മേൽ ഉള്ള അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി 06/06/2017 ഉം ആണ്. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. എല്ലാ ജീവനക്കാരും ആഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ വിധം സ്പാർക്ക് മുഖാന്തിരം ആണ് സമർപ്പിക്കേണ്ടത്.

GOVERNMENT OF KERALA

3. 2016ലെ പൊതുസ്ഥലംമാറ്റത്തിന് ശേഷം കോടതി വ്യവഹാരങ്ങളിലൂടെ സ്ഥലംമാറ്റം നൽകാൻ ഉത്തരവോ സ്ഥലംമാറ്റത്തിന് പരിഗണിക്കണമെന്ന് ഉത്തരവോ നേടിയിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ സ്ഥാപന മേധാവികൾ കോടതി വ്യവഹാരം സംബന്ധിച്ച ഉത്തരവ് വിശദമായി പരിശോധിച്ച ശേഷം പരിഗണന അർഹിക്കുന്നുവെങ്കിൽ അത് അപേക്ഷയുടെ അസൽ (ഹാർഡ് കോപ്പിയിൽ) രേഖപ്പെടുത്തി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് / ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

4. നിലവിൽ സ്ഥലംമാറ്റ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ജീവനക്കാർക്ക് സാങ്കേതിക തടസ്സങ്ങൾ കാരണം അവർ ഉദ്ദേശിച്ച സ്ഥാപനങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത ജീവനക്കാർ അവരുടെ പെൻ നമ്പരും മൊബൈൽ നമ്പരും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസിൽ നൽകേണ്ടതും ജില്ലാ മെഡിക്കൽ ആഫീസർമാർ അത് പട്ടികയാക്കി spark.dhs@gmail.comഎന്ന ഇ-മെയിലിൽ 08/05/2017 വൈകിട്ട് 5 മണിക്ക് മുൻപായി അയക്കേണ്ടതാണ്. അവർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കാനുള്ള അവസരം ലഭ്യമാക്കുന്നതാണ്.

5. ജില്ലാ മെഡിക്കൽ ആഫീസർമാർ തങ്ങളുടെ പരിധിയിൽ വരുന്ന അപ്പീലുകൾ വിശദമായി പരിശോധിക്കേണ്ടതും പരിഗണന അർഹിക്കുന്നവ മാത്രം അപ്പീൽ തീയതിക്ക് മുൻപായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സ്കാൻ ചെയ്ത് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മെയിൽ അഡ്രസ്സിൽ അയക്കേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികളും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

1. ഡോ.കൃഷ്ണകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ഓഫ്താൽമോളജി) നോഡൽ ഓഫീസർ
2. ശ്രീ.ജോൺസ്.ജെ.സി, കമ്പ്യൂട്ടർ പ്രോഗ്രാമർ - 9895237090
3. ശ്രീ.എ.സജികുമാർ, സീനിയർ ക്ലാർക്ക് - 9446018041
4. ശ്രീ.വിഷ്ണു.എൻ.ചന്ദ്രൻ, സീനിയർ ക്ലാർക്ക് - 9400484841

ഉഷാറാണി.പി
*സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ*
**ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി**

പകർപ്പ് :-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ സി.എ
2. സീനിയർ എ.ഒ യുടെ സി.എ
3. എല്ലാ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ടുമാർക്കും
4. ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
5. ഫയൽ / കരുതൽ ഫയൽ